# അക്കാദമിക്

# മാസ്റ്റർപ്ലാൻ 2025-26

# ദേവധാർ യു പി സ്കൂൾ,

# നെടിയിരുപ്പ്

# ഉള്ളടക്കം


| | | | |
|---|---|---|---|
| 1 | | ആമുഖം | 3 |
| 2 | | വിദ്യാലയം മികവിന്റ കേന്ദ്രം-കാഴ്ചപ്പാട് | 4 |
| 3 | | മികവിനായി ഏറ്റെടുക്കേ  പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ | 5 |
| 4 | | എന്റെ വിദ്യാലയം വിജയപദത്തിലേയ്ക്ക് | 6 |
| 5 | I. | പദ്ധതി വിശദാംശങ്ങൾ-(മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം) | |
| 6 | II. | സ്വപ്ന പുരോഗതി | 22 |
| 7 | III. | പച്ചപ്പിലേക്കൊരു മടക്കയാത്ര | 28 |
| 8 | IV. | ശാസ്ത്രം കൈപ്പിടിയിൽ | 30 |
| 9 | | പ്രവർത്തനങ്ങൾ | 32 |
| 10 | | പ്രതീക്ഷിത നേട്ടങ്ങൾ | 41 |
| 11 | | ഉപസംഹാരം | 42 |

# ആമുഖം

പ്രമുഖ സ്വാതന്ത്ര്യ സമര സേനാനിയും വിദ്യാഭ്യാസ വിചക്ഷണനും സമൂഹ്യപരിഷ്കർത്താവുമായിരുന്ന ശ്രീ ഗോപാല കൃഷ്ണ ഗോഖലെ സ്ഥാപിച്ച സർവ്വന്റ്സ് ഓഫ് ഇന്ത്യ സൊസൈറ്റി (SIS) 1935 ലാണ് ദേവധാർ യു പി സ്കൂൾ സ്ഥാപിച്ചത്. ആദ്യ കാലത്ത് DMRT സ്കൂൾ എന്നാണ് ഇതറിയപ്പെട്ടിരുന്നത്.

നെടിയിരുപ്പിന്റേയും പരിസരപ്രദേശങ്ങളുടെയും വിദ്യാഭ്യാസ സാംസ്കാരിക പുരോഗതിക്ക് ദേവധാർ സ്കൂൾ നൽകിയ സംഭാവനകൾ എണ്ണമറ്റതാണ്. മഹാരഥന്മാരായ നിരവധി ഗുരുക്കന്മാരാൽ നായിക്കപ്പെട്ട ഈ മഹത് സ്ഥാപനത്തിന്റെ ഉയർച്ച നേടിയിരുപ്പിന്റെ വളർച്ചയെകൂടിയാണ് സാക്ഷ്യപ്പെടുത്തുന്നത്.

നിലവിൽ ഇംഗ്ലീഷ് മലയാളം മീഡിയം ക്ലാസ്സുകളോടുകൂടി നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന ദേവധാർ യു പി സ്കൂൾ കലാ കായിക ശാസ്ത്ര രംഗങ്ങളിലും അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ചു കൊണ്ടിരിക്കുന്നു. കുട്ടികളിൽ പഠനത്തോടൊപ്പം ധാർമ്മിക മൂല്യങ്ങളും അച്ചടക്കവും വളർത്തിയെടുത്ത് ഉത്തമ പൗരന്മാരാക്കി മാറ്റിയെടുക്കുക എന്നതാണ് ഈ സ്ഥാപനത്തിന്റെ പരമപ്രധാനമായ ലക്ഷ്യം. ശക്തമായ PTA യും അനുഭവ സമ്പത്തുള്ള അധ്യാപകരും ബഹുജന പിന്തുണയും ദേവധാർ യു പി സ്കൂളിനെ ഈ ലക്ഷ്യത്തിലേക്ക് നയിക്കാൻ വളരെയധികം സഹായിക്കുന്നുണ്ട്.

## വിദ്യാലയം മികവിന്റെ കേന്ദ്രം

നിലവിൽ 609 കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ 20 അധ്യാപകരും ഒരു ഓഫീസ് അറ്റന്ററും സേവനം അനുഷ്ഠിച്ചുവരുന്നു. ICT സാധ്യതയോടെ പ്രവർത്തിക്കുന്ന ആവശ്യമായ സൗകര്യങ്ങളോടു കൂടിയ 17 ക്ലാസ് മുറികളും, ഒരു ഓഫീസ് മുറിയും, ലൈബ്രറിയും, ശാസ്ത്ര ലാബും, ഒരു കമ്പ്യൂട്ടർ ലാബുമു ്. കുടിവെള്ളത്തിനായി ഒരു കിണറുമു ്. കുട്ടികളുടെ കായിക മികവിനായി വിശാലമായ മൈതാനവും സ്കൂളിലു ്. കുട്ടികളുടെ സൗകര്യാർത്ഥം ശൗചാലയങ്ങളും അനുബന്ധ സൗകര്യങ്ങളും നിലവിലു ്. USS സ്കോളർഷിപ്പിന് പ്രത്യേക പരിശീലനവും നൽകുന്നു ്. വിവിധ പ്രദേശങ്ങളിൽ നിന്നും വിദ്യാർത്ഥികളെ സുരക്ഷിതരായി എത്തിക്കുന്നതിന് 4 സ്ക്കൂൾ വാഹനങ്ങൾ സർവ്വീസ് നടത്തുന്നു ്. നല്ല രീതിയിൽ ഭക്ഷണം പാചകം ചെയ്യുന്നതിനായി ഗ്യാസ് സ്റ്റൗവോടു കൂടിയ വൃത്തിയുള്ള ഒരു അടുക്കളയും നിലവിലു ്.

## അക്കാദമിക്ക് നിലവാരം അന്നും ഇന്നും

അക്കാദമിക് നിലവാരം അന്നും ഇന്നും സ്ക്കൂളിന്റേത് മികച്ചത് തന്നെയാണ്. ഭൗതിക സാഹചര്യം പിന്നോക്കമായിരുന്ന കാലഘട്ടത്തിലും പഠന നിലവാരത്തിന് മങ്ങലേറ്റിരുന്നില്ല. ഈ സ്ക്കൂളിലെ പൂർവ വിദ്യാർത്ഥികളിൽ പലരും പല ഉന്നത പദവിയിലും സേവനം അനുഷ്ഠിച്ചു വരുന്നു. അതിൽ ഡോക്ടർമാരും, എഞ്ചിനീയർമാരും, അധ്യാപകരും, പോലീസും, ബിസിനസ്കാരും ഒക്കെയു ്. നമ്മുടെ സ്കൂളിലെ പല അധ്യാപകരും ഇവിടത്തെ പൂർവ്വ വിദ്യാർത്ഥികളാണെന്നത് സ്കൂളിന്റെ മികവായി കണക്കാക്കാം. ഭൗതിക സാഹചര്യത്തിന്റെ കുറവ് അനുഭവപ്പെട്ടിരുന്നുവെങ്കിലും ഇന്ന് ഇതൊക്കെ പരിഹരിച്ച് സ്ക്കൂൾ വികസനത്തിന്റെ പാദയിലാണ്. ഇപ്പോൾ 5 മുതൽ 7 വരെ ക്ലാസുകളിലായി 600 ൽ അധികം കുട്ടികൾ പഠനം നടത്തുന്നു ്. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കാൻ സ്ക്കൂളിന് സാധിക്കുന്നു ്. അതിന് ആവശ്യമായ എല്ലാ സഹായവും മാനേജ്മെന്റ്, അധ്യാപർ, പി.ടി.എ. അംഗങ്ങൾ എന്നിവർ ഒത്തുചേർന്ന് നടത്തുന്നു. പൂർവ്വ വിദ്യാർത്ഥികളുടേയും സന്നദ്ധ സംഘടനകളുടേയും സഹായം ലഭിക്കുന്നു ്.

# മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

**ദീർഘകാലപദ്ധതി**

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഞങ്ങളുടെ വിദ്യാലയത്തിൽ നടപ്പാക്കാൻ ഉദ്ദേശുക്കുന്ന പ്രവർത്തനങ്ങൾ.

1. എന്റെ വിദ്യാലയം വിജയപഥത്തിലേക്ക്
2. സ്വപ്ന പുരോഗതി
3. പച്ചപ്പിലേകയ്ക്കൊരു മടക്കയാത്ര
4. ശാസ്ത്രം കൈപ്പിടിയിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷശേഷി വികസനം,<br>ഗണിതശേഷി വികസനം,<br>ഇംഗ്ലീഷ് പഠന<br>പരിപോഷണം, ഗണിതലാബ്,<br>ഗണിതാന്തരീക്ഷമൊരുക്കൽ<br>ദിനാചരണം, ശാസ്ത്രലാബ്<br>നവീകരിക്കൽ,<br>ശാസ്ത്രപോഷണം പരിപാടി,<br>ശാസ്ത്രയാത്രകൾ,<br>പഠനയാത്രകൾ,<br>അഭിമുഖങ്ങൾ, ലൈബ്രറി<br>ശാക്തീകരണം,<br>പച്ചക്കറിത്തോട്ടം,<br>ചിത്രരചനാക്കളരി, ജൈവ<br>വൈവിധ്യപാർക്ക്, ക്ലാസ്.<br>പി.ടി.എ. സജീവമാക്കൽ,<br>പോഷകാഹാര പരിപാടി. | ലൈബ്രറി,<br>ഗണിതോത്സവം<br>ഗണിതലാബ്,<br>മെട്രിക്മേള | അങ്കണവാടി<br>കലോൽസവം<br>പ്രാദേശിക പി.ടി.എ |

## 1. എന്റെ വിദ്യാലയം വിജയപദത്തിലേയ്ക്ക്

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും ഓരോ ക്ലാസിലും ആർജിക്കേ ശേഷികൾ, ധാരണകൾ, നൈപുണികൾ, കഴവിനനുസരിച്ച് നേടിയിട്ടു ന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള ശേഷികൾ വികസിപ്പിക്കുക.
- കുട്ടികളുടെ മാതൃഭാഷാ നിലവാരം ഉയർത്തുക.
- രസകരമായ ഗണിതപഠനത്തിലൂടെ സംഖ്യാവബോധം വളർത്താനും നിത്യജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഗണിതത്തെ തൊട്ടറിയാനും കുട്ടികളെ പ്രാപ്തരാക്കുകയും ഉയർന്ന നിലവാരത്തിൽ എത്തിക്കുകയും ചെയ്യുക.
- സർഗ്ഗാത്മക രചനയ്ക്ക് അവസരങ്ങൾ ഉറപ്പുവരുത്തുക.
- ആധുനീക സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിന് സ്വയം പ്രാപ്തി നേടുക, പഠന നേട്ടം ഉറപ്പുവരുത്തുക.
- കലാ-കായിക-ശാസ്ത്ര മേളകളിൽ മികച്ച പങ്കാളിത്തവും വിജയവും ഉറപ്പുവരുത്തുക.
- സാമൂഹ്യ ഇടപെടലുകളിലൂടെ പരിസരപഠനം രസകരമാക്കുക. എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷയിൽ ഉയർന്ന വിജയം നേടുക.
- ഒരോ കുട്ടിയും അതാത് ക്ലാസിൽ നേടേ ശേഷികൾ നേടിയെന്ന് രക്ഷിതാവിനേയും സമൂഹത്തേയും ബോധ്യപ്പെടുത്തുക.
- എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യസം ഉറപ്പുവരുത്തുന്ന വിദ്യാലയമാക്കി മാറ്റുക.
- ഗവേഷണപഠനങ്ങൾ ഏറ്റെടുക്കാനുള്ള കഴിവ് ഉറപ്പാക്കുക.
- ഭാഷാ ശാസ്ത്രപഠനങ്ങൾ ഉൾപ്പെടെ എല്ലാരംഗത്തും ഗവേഷണത്വരയുള്ള കുട്ടികളെ വളർത്തിയെടുക്കുക. എന്നീ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുവാൻ ഉതകുന്ന വിധത്തിലാണ് ഒന്നാമത്തെ പദ്ധതിയായ 'എന്റെ വിദ്യാലയം വിജയപദത്തിലേക്ക്' ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതാണ്.

# പദ്ധതി രൂപീകരണം

## ഭാഷ

### മുഖ്യലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളും അവർ പഠിക്കുന്ന ക്ലാസനുസരിച്ചും നിലവാരമനുസരിച്ചും ഭാഷയിലെ ഉയർന്ന
ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
- 5 വർഷത്തിനുള്ളിൽ സ്കൂൾ വിട്ട് പുറത്തു വരുന്ന മുഴുവൻ കുട്ടികളും മലയാളം, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങി മൂന്ന് ഭാഷകളെങ്കിലും അനായാസം ആശയവിനിമയം നടത്തുന്നതിന് പ്രാപ്തരാകും
- 5 വർഷത്തിനുള്ളിൽ ഓരോ കുട്ടിയുടേയും അഭിരുചിക്കനുസരിച്ച് സർഗ്ഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും വിവിധരീതിയിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവും വികസിക്കുന്നു.
- 5 വർഷത്തിനുള്ളിൽ ഓരോ കുട്ടിയും തന്റെ ആവശ്യങ്ങൾ ,താൽപര്യങ്ങൾ, അഭിലാഷങ്ങൾ എന്നിവ പറഞ്ഞും എഴുതിയും പ്രകടിപ്പിക്കുന്നതിന് പ്രാപ്തരാകും.

### ഉപലക്ഷ്യങ്ങൾ

- ഓരോ ക്ലാസിലേയും ഓരോ യൂണിറ്റുമായും ബന്ധപ്പെട്ട് സമഗ്രാസൂത്രണം, സൂക്ഷ്മാസൂത്രണം, എന്നിവ സമയബന്ധിതമായി പൂർത്തിയാക്കും.
- എല്ലാ കുട്ടികൾക്കും വായനയും എഴുത്തും ഉറപ്പുവരുത്തും.
- വായന പരിപോഷിപ്പിക്കുന്നതിന് വൈവിധ്യമാർന്ന അവസരങ്ങളൊരുക്കും (ലൈബ്രറി ശാക്തീകരണം).
- ഓരോ അക്കാദമീക വർഷവും വിവിധ ക്ലാസുകളിൽ കരിക്കുലം വിഭാവനം ചെയ്യുന്ന വിധത്തിൽ ഡിസികോഴ്സുകൾ സ്വായത്തമാക്കാൻ വൈവിധ്യമാർന്ന അവസരങ്ങളൊരുക്കും.
- വിവിധ ക്ലാസുകളിൽ ഓരോ യൂണിറ്റിലുമുള്ള സർഗ്ഗാത്മക പ്രകടനങ്ങൾക്കുള്ള അവസരങ്ങൾ പരിപോഷിപ്പിക്കും.
- സമയാസമയങ്ങളിൽ ആശയപ്രകടനത്തിനും  ആവിഷ്കാരത്തിനുമുള്ള വൈവിധ്യമാർന്ന അവസരങ്ങലൊരുക്കുക.(ബുള്ളറ്റിൻ ബോർഡുകൾ, ചുമർപത്രികകൾ, കൈയ്യെഴുത്തു പ്രതികൾ).

## ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സമയം | സാമ്പത്തിക സ്രോതസ് |
|---|---|---|---|---|
| നല്ല വായന | പിന്നാക്കമുള്ള കുട്ടികളെ പഠന പ്രവർത്തനങ്ങൾ വിലയിരുത്തി ക ത്തുന്നു. | ബന്ധപ്പെട്ട ഭാഷാധ്യപകർ | ഒരോ ഭാഷാ പിരീഡിലും ആദ്യത്തെ 5 മിനുട്ട് വായനയ്ക്കുള്ള അവസരം നൽകുന്നു | പി.ടി.എ ഫ ്. |
| | അക്ഷര കാർഡുകൾ പരിചയപ്പെടുത്തുന്നു അതിനു ശേഷം ആവിശ്യമുള്ള ചിഹ്നങ്ങൾ ചേർത്ത് പദങ്ങൾ വായിക്കാൻ സഹായിക്കുന്നു.<br><br>പിന്നീട് വാക്യങ്ങൾ വായിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്നു.<br><br>ഭാഷാ ലൈബ്രറികൾ ഉപയോഗപ്പെടുത്തികൊ ് നിറങ്ങളും ചിത്രങ്ങളുമടങ്ങിയ ചെറു പുസ്തകങ്ങൾ നൽകി കുട്ടികളെ നല്ല വായനയിലേക്ക് നയിക്കുന്നു. നന്നായി വായനയിലെത്തിയ കുട്ടികളെ കൂടുതൽ പ്രോത്സാഹനം നൽകുന്നതിനു വേ ി സമ്മാനങ്ങൾ നൽകുന്നു. മുന്നാക്ക കുട്ടികളെ കൂടുതൽ വായനയിൽ എത്തിക്കുന്നതിനു | | വൈകുന്നേരം നാലു മണിമുതൽ നാലേക്കാൽ മണി വരെ ഭാഷാ ക്ലബ്ബ് ഉപയോഗപ്പെടുത്തുന്നു (ഒരു മാസം) | |

| | | | | |
|---|---|---|---|---|
| | വേ ി ഭാഷാ ലൈബ്രറി ഉപയോഗപ്പെടുത്തുന്നു (ഐ.സി.ടി. സാധ്യത ഉപയോഗപ്പെടുത്തുന്നു) | | | |
| നല്ല എഴുത്ത് | വായന കാർഡു നിർമ്മാണം, നിറം കൊടുക്കൽ, ചുമർപത്രിക നിർമ്മാണം, മാസിക നിർമ്മാണം, കഥ, കവിത എഴുത്ത്, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ചാർട്ടുകൾ (വിവിധഭാഷ) എഴുതിപ്പിക്കുന്നു. എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പു വരുത്തുന്നു.<br><br>വാക്കുകൾ കൊ ുള്ളകളി, പദസൂര്യൻ നിർമ്മാണം. വായനകുറിപ്പ്, കയ്യെഴുത്ത് മത്സരം, പോസ്റ്റർ രചന, മഹത് വചനങ്ങൾ ക ത്തി എഴുതുക. കല ർ നിർമ്മാണം, പദപ്രശ്നം, കടങ്കഥ, പഴഞ്ചൊല്ലുകൾ ക ത്തി എഴുതൽ, കത്ത്, ഡയറി എഴുത്ത് (ഐ.സി.ടി സാധ്യത ഉപയോഗപ്പെടുത്തുന്നു) | ഭാഷാധ്യാപകർ | ജൂൺ, ജൂലൈ | |
| നല്ല ആസ്വാദനം | പാടാനും പറയാനും കഴിയുന്ന മികച്ച കുട്ടികളെ ക ത്തി മറ്റുള്ള കുട്ടികൾക്ക് ശ്രവിക്കാനും ആസ്വദിക്കാൻ പററുന്നതരത്തിൽ ബാലസഭകൾ സംഘടിപ്പിക്കുന്നു.<br><br>പിന്നാക്ക കുട്ടികൾക്ക് കൂടുതൽ പങ്കെടുക്കാനുള്ള അവസരമൊരുക്കുന്നു. | | | |

SERVANTS OF INDIA SOCIETY
KNOWLEDGE IS POWER, EDUCATION IS LIFE
Estd: 1935
DEVADHAR UPS NEDIYIRUPPU

| | | | | |
|---|---|---|---|---|
| | പങ്കെടുത്ത എല്ലാകുട്ടികൾക്കും പ്രോൽസാഹന സമ്മാനം നൽകുന്നു. മികച്ച കുട്ടികൾക്ക് വാർഷിക പരിപാടികളിൽ പങ്കെടുക്കാനുള്ള അവസരം നൽകുന്നു. ക്ലാസ് ലൈബ്രറി പ്രയോജനപ്പെടുത്തി കൊ ് വായിച്ച പുസ്തകങ്ങളെ കുറിച്ച് അവതരിപ്പിക്കാൻ ഭാഷാ ക്ലബ്ബുകളിൽ അവസരം നൽകുന്നു.<br><br>വീഡിയോ ക്ലിപ്സ് കാണിച്ച് ആസ്വദിക്കാൻ അവസരം നൽക്കുന്നു. | | | |

## EASY AND CATCHY ENGLISH (E.C.E)

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എഴുത്തിലും വായനയിലുമുള്ള പിന്നോക്കവസ്ഥ പരിഹരിക്കുക | വായന കാർഡുകൾ കഥാ പുസ്തകങ്ങൾ എന്നിവയടങ്ങിയ ഇംഗ്ലീഷ് ലൈബ്രറി സജീകരിക്കുന്നു | ജൂൺ | എസ്.ആർ.ജി ഇംഗ്ലീഷ് ക്ലബ്ബ് ടീച്ചേർസ് പി.ടി. എ | പി.ടി.എ. മാനേജർ |
| 2. | ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള ശ്രമം ആരംഭിക്കുക | ഇംഗ്ലീഷ്ക്ലബ്ബ് രൂപീകരിക്കുന്നു. ക്ലാസ് ആരംഭിക്കുന്നതിനു മുൻപ്–സ്പീച്ച്–സോങ്, കഥ എന്നിവ അവതര്പ്പിക്കുവാൻ അവസരമൊരുക്കുന്നു | ജൂലായ് | എസ്.ആർ.ജി ഇംഗ്ലീഷ് ക്ലബ്ബ് ടീച്ചേർസ് പി.ടി.എ | |

| | | | | | |
|---|---|---|---|---|---|
| 3 | കുട്ടികൾക്ക് ഇംഗ്ലീഷിനോടു ള്ള ഭയം മാറ്റുക | എല്ലാ മാസത്തിലും ഇംഗ്ലീഷ്ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഇംഗ്ലീഷ് ഫെസറ്റ്(ക്ലാസ് തലം) നടത്തുന്നു. | ജൂൺ മുതൽ ജനുവരി . | എസ്.ആ ർ.ജി ഇംഗ്ലീഷ് ക്ലബ്ബ് ടീച്ചേർസ് പി.ടി.എ | |
| 4. | ഇംഗ്ലീഷ് ഡികഷണറി എല്ലാ കുട്ടികളും കൈകാര്യം ചെയ്യാൻ പഠിക്കുന്നു. | പാഠ ഭാഗവുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ വാക്കുകൾ (വർക്ക് ഷീറ്റ്). ഡിക്ഷണറി വർക്കിന് നൽകുന്നു. | ജൂൺ | എസ്.ആ ർ.ജി ഇംഗ്ലീഷ് ക്ലബ്ബ് ടീച്ചേർസ് പി.ടി.എ | |
| 5. | പാഠപുസ്തകങ്ങ ൾക്കപ്പുറത്തേക്കു ള്ള പഠനാന്തരീക്ഷ മൊരുക്കുന്നു. | പാഠഭാഗത്തും, മറ്റു പുറത്തുള്ള കഥകളും- മുൻനിർത്തി സംഭാഷണങ്ങൾ, കഥാപാത്ര അവതണം, ലഘുനാടകങ്ങൾ എന്നിവ തയ്യാറാക്കി ഇംഗ്ലീഷ് ഫെസ്റ്റിൽ അവതരിപ്പിക്കുന്നു. | ആഗസ്റ്റ് മുതൽ ഫെബ്രു വരി | എസ്.ആ ർ.ജി ഇംഗ്ലീഷ് ക്ലബ്ബ് ടീച്ചേർസ് പി.ടി.എ | |
| 6 | ഓരോ ആഴ്ചയിലും വ്യത്യസ്തമായ ആശയവിനിമയ സന്ദർഭങ്ങൾ ഒരുക്കുന്നു. | ഇംഗ്ലീഷ് ഡേ,(എല്ലാ തിങ്കളും) ഇംഗ്ലീഷ് അസംബ്ലി, വാർത്ത, വായ്ന,ആസ്വാദനകുറിപ്പുകൾ പ്രത്യേകപ്രാധാന്യമുള്ള ദിനങ്ങൾ | ജൂൺ മുതൽ ഫെബ്രു വരി | എസ്.ആ ർ.ജി ഇംഗ്ലീഷ് ക്ലബ്ബ് ടീച്ചേർസ് പി.ടി.എ | |
| 7 | ഇംഗ്ലീഷ്ഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള ആത്മവിശ്വാസം വളർത്തിയെ ടുക്കുക | ക്ലാസിലും പുറത്തും-സെമിനാർ, ഡിബേറ്റ്, എന്നിവ സംഘടിപ്പിക്കുന്നു, സ്ക്കൂൻ തല ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കുന്നു | ഫെബ്രു വരി | എസ്.ആ ർ.ജി ഇംഗ്ലീഷ് ക്ലബ്ബ് ടീച്ചേർസ് പി.ടി.എ | |

## ഗണിതം (V,VI,VII)

| ലക്ഷ്യം | പ്രവർത്തലങ്ങൾ | സമയം | ചുമതല | സാമ്പത്തിക നിലവാരം |
|---|---|---|---|---|
| സംഖ്യാവ്യാഖ്യാനം ചതുഷ് ക്രിയകൾ ഉപയോഗപ്പെടുത്തിയ ുള്ള പ്രശ്നപരിഹരണം | സംഖ്യാകാർഡുകൾ അബാക്കസ് എന്നിവ ഉപയോഗിച്ച് സംഖ്യാകളെ വ്യാഖ്യാനിക്കുന്നു ഒരു സംഖ്യയെ മറ്റൊരു സംഖ്യകൊ ് ഗുണിക്കുന്നതിനുള്ള വ്യത്യസ്തമാർഗ്ഗം ക ത്തൽ, കൂട്ടമാക്കൽ, ഭാഗം വയ്ക്കൽ തുല്യമായി വീതിക്കൽ | 3 മാസം | ഗണിത അധ്യാപകർ | പി.ടി.എ, ഗ്രാന്റ് ബി.ആർ. സി. |
| ജ്യാമീതിയരൂപങ്ങൾ തിരിച്ചറിയൽ, നിർമ്മിക്കൽ, സവിശേഷതകൾ ക ത്തൽ | ചുറ്റുപാടുമുള്ള വസ്തുക്കൾ നിരീക്ഷിച്ച് ജ്യാമീതിയരൂപങ്ങൾ ക ത്തി പട്ടികപ്പെടുത്തുന്നു ഐ.സി.ടി. സഹായത്താൽ രൂപങ്ങൾ വരയ്ക്കുന്നു. ഗണിതലാബിലേക്കാവിശ്യമായ ജ്യാമീതിയരൂപങ്ങളു ടെ നിർമ്മാണം കുട്ടികൾ അവരവരുടെ വീടിന്റെ പ്ലാൻ വരയ്ക്കുന്നു | 2 മാസം | ഗണിത അധ്യാപകർ | പി.ടി.എ, ഗ്രാന്റ് ബി.ആർ. സി. |

SERVANTS OF INDIA SOCIETY KNOWLEDGE IS POWER, EDUCATION IS LIFE Estd: 1935 DEVADHAR UPS NEDIYIRUPPU

| | | | | |
|---|---|---|---|---|
| വിവിധ അളവുകൾ<br>തമ്മിലുള്ള ബന്ധം<br>ക ത്തൽ<br><br><br><br>മതിച്ചുപറയൽ<br>പരസ്പരബന്ധം<br>ക ത്തൽ<br>വിശദീകരിക്കൽ<br><br>യുക്തി ചിന്ത<br>സർഗാത്മിക ചിന്ത<br>വികസിപ്പിക്കൽ | വിവിധ അളവുകൾ<br>തമ്മിലുള്ള ബന്ധം<br>വ്യക്തമാക്കുന്ന<br>പട്ടികതയ്യാറാക്കുന്നു.<br>അളവുപകരണങ്ങൾ<br>ഉപയോഗിച്ച്<br>വിവിധവസ്തുകളുടെ<br>അളവുകൾ അളന്ന്<br>രേഖപ്പെടുത്തുന്നു<br>സംഖ്യാപാറ്റേൺ,<br>പസിലുകൾ,<br>ഗണിതകേളികൾ.<br><br><br>മാന്ത്രിക ചതുരം,<br>മാന്ത്രിക കല ർ,<br>ഗണിതക്വിസ് | മാസം | ഗണിത<br>അധ്യാപകർ | പി.ടി.എ,<br>ഗ്രാന്റ്<br>ബി.ആർ. സി. |
| | | | | |

SERVANTS OF INDIA SOCIETY
KNOWLEDGE IS POWER, EDUCATION IS LIFE
Estd: 1935
DEVADHAR UPS NEDIYIRUPPU

| V, VI,VII, സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| **<u>നിരീക്ഷണം</u>**<br>സാമൂഹ്യശാസ്ത്രപഠ<br>നവുമായി ബന്ധപ്പെട്ട<br><br>**<u>വിവര ശേഖരണം</u>**<br>ചരിത്രകാലത്തെ<br>കുറിച്ച് കുട്ടികൾക്ക്<br>അവബോധം<br>ഉ ാക്കൽ | V.<br>ചരിത്രസ്മാരകങ്ങൾ<br>സന്ദർശിച്ച് നിരീക്ഷണ<br>കുറിപ്പ് തയ്യാറാക്കുക.<br>പഴയകാല<br>ഉപകരണങ്ങൾ,<br>പാത്രങ്ങൾ ആയുധങ്ങൾ<br>എന്നിവ മനസ്സിലാക്കൽ<br><br>V.<br>എന്റെ വിദ്യാലയ<br>ചരിത്രം.<br>വിദ്യാലയത്തിന്റെ<br>ചരിത്രം<br>മനസ്സിലാക്കുന്നതിന്<br>സ്കൂളിന്റെ അടുത്തുള്ള<br>പൂർവ്വവിദ്യാർത്ഥിയും<br>ഹെഡ്മാസ്റ്ററുമായിരുന്ന<br>അധ്യാപകനുമായി<br>അഭിമുഖം നടത്തുക.<br>വിദ്യാലയത്തെകുറി<br>ച്ചുള്ള രേഖകൾ<br>പരിശോധിക്കുക.<br><br>VI.<br>മധ്യകാല ഇന്ത്യയിലെ<br>അധികാര കേന്ദ്രങ്ങൾ<br>കുട്ടികൾക്ക് മനസ്സിലാക്കി<br>കൊടുക്കുന്നതിനായി | 1<br><br>2 | അധ്യാപകർ<br><br>അധ്യാപകർ | |

SERVANTS OF INDIA SOCIETY
KNOWLEDGE IS POWER, EDUCATION IS LIFE
Estd: 1935
DEVADHAR UPS NEDIYIRUPPU

| | | | | |
|---|---|---|---|---|
| | യാത്രാവിവരണങ്ങൾ, ആധികാരികഗ്രന്ഥങ്ങൾ എന്നിവയിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് കുറിപ്പ് തയ്യാറാക്കുന്നു.<br>VI.<br>കേരളം മണ്ണും,മഴയും, മനുഷ്യനും നിത്യ ജീവിതത്തിൽ കൃഷി ഒരു പ്രധാനപ്രവർത്തനമായി ഏറ്റെടുക്കേ തിന്റെ ആവശ്യകതയും,കേരള ത്തിന്റെ ഭൂപ്രകൃതിയും, കാലാവസ്ഥയും മണ്ണിനങ്ങളും നിരീക്ഷിക്കാനുള്ള അവസരം കൊടുക്കുന്നു.<br>VII.<br>പ്രാഥമിക മേഖലകളിലെ ഉത്പന്നങ്ങളെ അസംസ്കൃത വസ്തുകളായി ഉപയോഗിച്ച് പുതിയഉത്പ്പന്നങ്ങളു ാ ക്കുന്ന സ്ഥാപനങ്ങളിൽ നിരീക്ഷണം നടത്തി കുറിപ്പ് തയ്യാറാക്കൽ<br>VII.<br>വിവിധ യുറോപ്യൻ രാജ്യങ്ങൾ ഇന്ത്യയിൽ | 1 | അധ്യാപകർ | |

SERVANTS OF INDIA SOCIETY
KNOWLEDGE IS POWER, EDUCATION IS LIFE
Estd: 1935
DEVADHAR UPS NEDIYIRUPPU

| | | | | |
|---|---|---|---|---|
| | സ്ഥാപിച്ച വാണിജ്യ കേന്ദ്രങ്ങൾ ക ത്തൽ, കച്ചവടാവശ്യാർത്ഥം ഇന്ത്യയിലെത്തിയ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി ഇന്ത്യയിലെ ഭരണാധികാരികളായതെങ്ങനെ സെമിനാർ അവതരണം | | | |
| <u>താരതമ്യപഠനം</u> വിവിധകുടുംബങ്ങളെ കുറിച്ചും വിവിധഘട്ടങ്ങളിലെ ഭരണത്തെകുറിച്ചും കല, ശാസ്ത്രം, സാഹിത്യം എന്നിവയെ കുറിച്ചുമുള്ള താരതമ്യ പഠനം. | V. കുടുംബത്തിന്റെ സവിശേഷതകൾ മനസ്സിലാക്കുന്നതിനുവേ ിഅണുകുടുംബം, വിസ്തൃതകുടുംബം കൂട്ടുകുടുംബം എന്നിവ സന്ദർശിച്ച് താരതമ്യ പഠനം നടത്തുന്നു<br><br>VI. കാലാവസ്ഥാ, മേഖലകളുടെ പ്രത്യേകതകൾ ഏകോപിപ്പിച്ച് താരതമ്യ പട്ടിക തയ്യാറാക്കുന്നു<br>VII. സാഹിത്യം, കല, ശാസ്ത്രം, മതനവീകരണം, ഭൂമിശാസ്ത്രപരമായ ക ുപിടിത്തങ്ങൾ | 1<br><br>1 | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ഇവതാരതമ്യം ചെയ്ത് പഠനം നടത്തുന്നു. | 1 | അധ്യാപകർ | |
| നിഗമനം അന്വേഷണത്തിന്റ യും വിവരശേഖരണത്തി ന്റെയും അടിസ്ഥാനത്തിൽ കുട്ടികൾ ഒരു നിഗമനത്തിൽ എത്തിച്ചേരുന്നു. | V.<br>ഐ.സി.ടി. ഉപയോഗപ്പെടുത്തി വൻകരകൾ,സമുദ്രങ്ങൾ, എന്നിവയെകുറിച്ച് മനസ്സിലാക്കികൊടുക്കു ന്നു. സമുദ്രങ്ങൾകിടയിലായി സ്ഥിതിചെയ്യുന്ന അതിവിശാലമായ കരഭാഗങ്ങളാണ് വൻകരകളെന്ന് മനസ്സിലാക്കി കൊടുക്കുന്നു<br><br>VI.<br>മധ്യകാല ഇന്ത്യയിലെ അധികാരകേന്ദ്രങ്ങൾ, ഭൂമിശാസ്ത്രസവിശേഷത കൾ ഭരണകൂടങ്ങളുടെ വളർച്ചയെ സ്വാധീനിക്കുന്നുെ ന്ന് മനസ്സിലാക്കുന്നു.<br><br>VII. | 1<br><br>1 | അധ്യാപകർ<br><br>അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ഐ.സി.ടി. ഉപയോഗപ്പെടുത്തി ഭൂപടങ്ങൾ ഉപയോഗപ്പെടുത്തുന്ന മേഖലകൾ ഏതൊക്കെയെന്ന് മനസ്സിലാക്കുന്നു. | 1 | | |

## V, VI,VII, അടിസ്ഥാനശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികസ്രോതസ്സ് |
|---|---|---|---|---|
| 1. ശാസ്ത്രവിഷയത്തിൽ, നിരീക്ഷണപരീക്ഷണം അപഗ്രഥനം, രുപകൽപ്പന, നിഗമനം എന്നീ ശേഷികൾ വികസിപ്പിക്കൽ<br><br><u>നിരീക്ഷണം</u> | V.<br>ചുറ്റുപാടുമുള്ള ഹരിത സസ്യങ്ങളെ നിരീക്ഷിച്ച് ആഹാരസമ്പാദനത്തിനായുള്ള വിവിധ അനുകൂലനങ്ങൾ പട്ടികപ്പെടുത്താൻ അവസരം നൽകുന്നു.<br><br>VI.<br>ചുറ്റുപാടുമുള്ള പൂക്കൾ ശേഖരിച്ച് ഭാഗങ്ങളും ധർമ്മങ്ങളും പട്ടികപ്പെടുത്തി പരാഗണകാരികളുമായുള്ള ബന്ധം ക ത്താൻ അവസരം നൽകുന്നു. | ജൂൺ<br><br>ആഗസ്റ്റ് | അധ്യാപകർ | (പി.ടി.എ.) |

| | | | | |
|---|---|---|---|---|
| | VII.<br>മികച്ച വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും നിർമ്മാണം പരിസ്ഥിതി സൗഹാർദ്ദമായ കൃഷിരീതി കാർഷികഗവേഷണ രംഗം തുടങ്ങിയ മേഖലയിൽ അടിസ്ഥാന ധാരണ രൂപവൽകരിക്കാൻ വേ ി മികച്ച നഴ്സറി സന്ദർശനം ഒരുക്കുന്നു. | ജൂൺ | അധ്യാപകർ | |
| <u>പരീക്ഷണം</u><br>ലാബ് ഉപകരണങ്ങൾ സൂക്ഷ്മതയോടെയും കൈകാര്യം ചെയ്യാനും പ്രവർത്തനത്തിലധിഷ്ഠിതമായ നിഗമനങ്ങൾ രൂപീകരിക്കാനുമുള്ള കഴിവ് വർദ്ധിപ്പിക്കാൻ<br><br>ആഹാരം, ആരോഗ്യം | V.<br>കുടുതൽ വസ്തുകളെ ലയിപ്പിക്കാനുള്ള ജലത്തിന്റെ കഴിവ് പ്രയോജനപ്പെടുത്തുന്നു. എന്ന് കെ ത്താൻ വേ ി പരീക്ഷണത്തിൽ ഏർപ്പെടുന്നു<br><br>VI.<br>നിത്യേന ഉപയോഗിക്കുന്ന ആഹാരവസ്തുകളിൽ അടങ്ങിയിരിക്കുന്ന | **ജൂൺ** | അധ്യാപകർ | |

SERVANTS OF INDIA SOCIETY
KNOWLEDGE IS POWER, EDUCATION IS LIFE
Estd: 1935
DEVADHAR UPS NEDIYIRUPPU

| | | | | |
|---|---|---|---|---|
| ജീവിതശൈലി തുടങ്ങിയവയിൽ വ്യക്തിപരമായി ശാസ്ത്രീയതീരുമാനമെടുക്കാനുള്ള കഴിവ് വളർത്താൻ | പോഷകഘടകങ്ങൾ ആയ അന്നജം പ്രോട്ടീൻ എന്നിവയുടെ സാന്നിധ്യം കെ ത്താൻ വേ ി പരീക്ഷണത്തിൽ ഏർപ്പെടുന്നു<br><br>VII. പ്രകൃതിയിലെ സൂചകങ്ങൾ കെ ത്താൻ ലിറ്റ്മസ് പേപ്പർ ഉപയോഗിച്ച് പരീക്ഷണം | **ആഗസ്ത്**<br><br>**ഒക്ടോബർ** | അധ്യാപകർ | |
| അപഗ്രഥനം | V. ബഹിരാകാശയാത്ര യിൽ വർഷങ്ങളായി കൈവരിക്കുന്ന നേട്ടത്തെ അപഗ്രഥിച്ച് നിഗമനത്തിൽ എത്തുന്നു.<br><br>VI & VII. മനുഷ്യന്റെ ഇടപെടലുകൾ ആവാസവ്യവസ്ഥയെ എങ്ങെനെല്ലാം ബാധിക്കുന്നു എന്ന് നിരീക്ഷിച്ച് അപഗ്രഥിച്ച് നിഗമനത്തിൽ എത്താൻ വേ ിയുള്ള പ്രവർത്തനം നൽക്കുന്നു. ഇതുപോലുള്ള പ്രവർത്തനങ്ങൾ മറ്റ് പാഠഭാഗത്തിലും നൽകുന്നു. | **ജനുവരി**<br><br>**നവംബർ** | അധ്യാപകർ<br><br>അധ്യാപകർ | |
| രൂപകൽപ്പന | V . | | | |

| | | | | |
|---|---|---|---|---|
| | “ചക്രവും ദണ്ഡും” എന്ന ഭാഗത്തെ ആസ്പദമാക്കി കളിവ ികൾ രൂപകൽപ്പന ചെയ്യുന്നു.<br><br>VI.<br>മെഴുക്, ഐസ് തുടങ്ങിയവ ഉപയോഗിച്ച് കൗതുകവസ്തുക്കൾ നിർമ്മിക്കുന്നു<br>കാന്തങ്ങൾ ഉപയോഗിച്ച് പരസ്പരം കൂട്ടിമുട്ടുന്നതും കൂട്ടിമുട്ടാത്തതുമായ വിവിധതരം കളിപ്പാട്ടങ്ങൾ നിർമ്മിക്കുന്നു.<br><br>VII.<br>ആഴം കൂടുംന്തോറും ദ്രാവകമർദം കൂടുന്നു എന്ന് തെളിയിക്കാനായി മർദമാപിനി നിർമ്മിച്ച് മർദ്ദം അളന്നു നോക്കുന്നു.<br>പെരിസ്കോപ്പ് നിർമ്മാണം.<br><br>പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി നൽകുന്ന പ്രവർത്തനങ്ങൾ പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട് നിർമ്മിച്ചുപകരണങ്ങളുടെ ഉപയോഗവും, ധർമ്മവും | **നവം ബർ**<br><br>**ഡിസം ബർ** | അധ്യാപ കർ<br><br>അധ്യാപ കർ | |

SERVANTS OF INDIA SOCIETY
KNOWLEDGE IS POWER EDUCATION IS LIFE
Estd. 1935
DEVADHAR UPS NEDIYIRUPPU

| | | | | |
|---|---|---|---|---|
| | തിരിച്ചറിയാൻ അവസരം നൽകുന്നു പ്രകൃതിയുമായി ഇണങ്ങിചേർന്ന് നിരീക്ഷണങ്ങൾ രേഖപ്പെടുത്താനും ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടാനുമുള്ള സാഹചര്യം ഒരുക്കുന്നു | | | |

SERVANTS OF INDIA SOCIETY
KNOWLEDGE IS POWER, EDUCATION IS LIFE
Estd: 1935
DEVADHAR UPS NEDIYIRUPPU

## II. സ്വപ്ന പുരോഗതി

ശാരീരിക മാനസിക ആരോഗ്യം പരിപാലിക്കുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കി ആവശ്യമായ ബോധവത്കരണവും വൈദ്യ സഹായവും നൽകുക, നാടകം, പോസ്റ്റർ, ഗാനങ്ങൾ തുടങ്ങിയ വിവിധ പ്രകടനോപാധികളിലൂടെ ശാസ്ത്രം, ആരോഗ്യം, ഭക്ഷണം, ലഹരിയിൽ നിന്നുള്ള മോചനം എന്നീ മേഖലകളിൽ കുട്ടികൾ ആർജ്ജിക്കുന്ന അറിവുകൾ പൊതു സമൂഹത്തിൽ പങ്കുവയ്ക്കുക, ആത്മവിശ്വാസത്തോടെ കായിക വിനോദങ്ങളിലും മത്സരങ്ങളിലും ഏർപ്പെടുന്നതിനും, കുട്ടികളുടെ ഭാഷാശേഷി, ആശയ വിനിമയശേഷി, സർഗാത്മക രചന എന്നിവ പരിപോഷിപ്പിക്കുന്നതിനും, അധ്യാപക രക്ഷാകർത്തൃ ബന്ധം ശക്തിപ്പെടുത്തുന്നതിനും, ഓരോ വീട്ടിലും ഓരോ ക്ലാസിലും ലൈബ്രറി സംവിധാനം സജ്ജമാക്കുന്നതിനും വേ ിയുള്ളതാണ് ഈ പദ്ധതികൊ ് ലക്ഷ്യമിടുന്നത്.

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാരീരിക മാനസീകാരോഗ്യ പിന്നോക്കാവസ്ഥ പരിഹരിക്കൽ | സർവ്വേ<br>5 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികളുടെ ഉയരം, തൂക്കം, ഭക്ഷണരീതി എന്നിവയുമായി ബന്ധപ്പെടുത്തി പ്രത്യേക ടൂൾ ഉപയോഗിച്ച് സർവ്വേ നടത്തുന്നു. | ജൂൺ | ക്ലാസ് ടീച്ചർ, ഹെൽത്ത് ക്ലബ് കായികാധ്യാപകൻ | പി.ടി.എ |
| | ബോധവത്കരണ ക്ലാസ്സും വൈദ്യ പരിശോധനയും. | ജൂൺ | ഡോക്ടർ ഹെൽത്ത് ക്ലബ് | |
| പിന്നോക്കാവസ്ഥയ്ക്ക് കാരണമായി കെ ത്തിയ പ്രശ്നങ്ങൾ പരിഹരിക്കൽ. | പോഷക സമൃദ്ധമായ ഉച്ചഭക്ഷണം മുട്ട, പാൽ, പഴം, ഇലക്കറികൾ എന്നിവ നൽകൽ | | പ്രൈമറി ഹെൽത്ത് സെന്റർ. | |
| | യോഗ പരിശീലന ക്ലാസ് | ജൂലായ് | | |

SERVANTS OF INDIA SOCIETY
KNOWLEDGE IS POWER, EDUCATION IS LIFE
Estd: 1935
DEVADHAR UPS NEDIYIRUPPU

| | | | | |
|---|---|---|---|---|
| കുട്ടികളിൽ കായികക്ഷമതയും ആത്മ വിശ്വാസവും വർദ്ധിപ്പിക്കുന്നതിനും, അപകടങ്ങളിൽ സ്വയരക്ഷ നേടുന്നതിനും, മറ്റുള്ളവരെ രക്ഷിക്കുന്നതിനുമുള്ള മനോഭാവം വളർത്തിയെടുക്കൽ | വിവിധ കായിക വിനോദങ്ങളുമായി ബന്ധപ്പെട്ട് ( നീന്തൽ, വോളിബോൾ, കരാട്ടെ, ചെസ്) കുട്ടികൾക്കിടയിൽ സർവ്വേ നടത്തി അവരുടെ താത്പര്യങ്ങൾ ക ത്തുന്നു.<br>വോളിബോൾ പരിശീലനം | ആഗസ്ത്<br>ആഗസ്ത് സെപ്തംബർ | ഹെൽത്ത് ക്ലബ് പി.ടി.എ. നൂൺ മീൽ കമ്മിറ്റി ഹെൽത്ത് ക്ലബ് പി.ടി.എ.<br>പി.ടി.എ കായിക അധ്യാപകൻ എസ്.ആർ.ജി. സന്നദ്ധ സംഘടനകൾ | പി.ടി.എ |
| | കരാട്ടെ പരിശീലനം | ഒക്ടോബർ നവംബർ | എസ്.ആർ.ജി പി.ടി.എ മാനേജ്മെന്റ് | |
| ലഹരി വിമുക്തമായ ഒരു പുതു തലമുറയെ വാർത്തെടുക്കൽ | ബോധവത്കരണ ക്ലാസ്, സർവ്വേ, എക്സൈസ്, ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടെ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമായി ഒരു ബോധ വത്കരണ | ജൂലായ് | എക്സൈസ് പി.ടി.എ എസ്.ആർ.ജി മദർ പി.ടി.എ | പി.ടി.എ |

| | | | | |
|---|---|---|---|---|
| | ക്ലാസും, സർവ്വേയും നടത്തുന്നു. | | | |
| ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം ഇല്ലാതാക്കൽ | സർവ്വേയുടെ അടിസ്ഥാനത്തിൽ ബോധവത്കരണം – പോസ്റ്റർ നിർമ്മാണം, റാലി, നാടകം. | ആഗസ്ത് | ഹെൽത്ത് ക്ലബ് പി.ടി.എ മദർ പി.ടി.എ | |
| എഴുത്തിലും വായനയിലുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുക | ഓരോ ക്ലാസിലും ലൈബ്രറി പുസ്തകങ്ങൾ സജ്ജീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുക. | ഏപ്രിൽ മെയ് | പി.ടി.എ എസ്.ആർ.ജി മാനേജ്മെന്റ് | പി.ടി.എ മാനേജ്മെന്റ് എസ്.എസ്.എ ഫ ് |
| കൂടുതൽ അറിയുവാനും ചിന്തിക്കുവാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുക. | വിദ്യാർത്ഥികൾ, പി.ടി.എ, സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ സഹായസഹകരണത്തോടെ പുസ്തകങ്ങൾ ശേഖരിക്കൽ(ഗൃഹസന്ദർശനത്തിലൂടെയും നേരിട്ടും) | മെയ് ജൂൺ | പി.ടി.എ | |
| ലൈബ്രറി പ്രവർത്തനം കുട്ടികളിൽ പരിചയപ്പെടുത്തുക | അധ്യാപകർ, രക്ഷിതാക്കൾ, കുട്ടികൾ എന്നിവരുടെ ജന്മദിനത്തിൽ വിദ്യാലയത്തിലേക്കൊരു പുസ്തകം കൈമാറൽ ( ക്ലാസ് തലത്തിൽ കല ർ തയ്യാറാക്കി) | ജൂൺ മുതൽ മെയ് വരെ | പി.ടി.എ ക്ലാസ് അധ്യാപകൻ എസ്.ആർ.ജി. | |
| വായനയിലൂടെ കുട്ടികളുടെ പഠന | ക്ലാസ് തലത്തിൽ വായനാകുറിപ്പുകൾ തയ്യാറാക്കി മികച്ചവ | ജൂലായ് മുതൽ | മലയാളം ക്ലബ് (ഭാഷാ ക്ലബ്) | |

| | | | | |
|---|---|---|---|---|
| നിലവാരം<br>മെച്ചപ്പെടുത്തുക. | ക ത്തുന്നു. പുസ്തക<br>ചർച്ച സംഘടിപ്പിക്കൽ<br>ക്ലാസ് പി.ടി.എ യിൽ<br>പുസ്തക പരിചയം<br>രചനാ ശില്പശാല<br>സംഘടിപ്പിക്കൽ<br>രചയിതാക്കളുമായി<br>സംവദിക്കൽ | ഡിസംബർ<br>വരെ<br>ജനുവരി<br>ഫിബ്രവരി | എസ്.ആർ.<br>ജി<br>പി.ടി.എ | |
| പാഴ്<br>വസ്തുക്കളായി<br>ഉപേക്ഷിക്കുന്ന<br>പുസ്തകങ്ങളേയും<br>വായന<br>സാമഗ്രികളേയും<br>സ്നേഹിക്കുവാനും<br>സംരക്ഷിക്കുവാനുമ<br>ുള്ള മനോഭാവം<br>കുട്ടികളിൽ<br>ഉ ാക്കുക | ഗൃഹ ലൈബ്രറി<br>പദ്ധതിയുടെ<br>നടത്തിപ്പിനായി മാർച്ച്<br>മാസത്തിൽ പി.ടി.എ<br>യോഗം ചേർന്ന് ചർച്ച<br>നടത്തുന്നു. | മാർച്ച് | പി.ടി.എ<br>ഭാഷാ ക്ലബ് | പി.ടി.എ<br>എസ്.ആർ.<br>ജി. |
| പാഠഭാഗങ്ങളുമായി<br>ബന്ധപ്പെട്ട തുടർ<br>പ്രവർത്തനങ്ങൾക്ക്<br>റഫറൻസ്<br>സാമഗ്രികൾ<br>ലഭ്യമാക്കുക | ഏപ്രിൽ, മെയ്<br>മാസങ്ങളിൽ<br>വിദ്യാർത്ഥികളും<br>രക്ഷിതാക്കളും ചേർന്ന്<br>ആവശ്യമായ<br>പുസ്തകങ്ങൾ<br>ശേഖരിക്കുന്നു. | ഏപ്രിൽ<br>മെയ് | രക്ഷിതാക്കൾ<br>വിദ്യാർത്ഥിക<br>ൾ | |
| വായനയുടേയും<br>പുസ്തകങ്ങളുടേ<br>യും ലോകത്തേക്ക്<br>നാടിനെ ഒന്നാകെ<br>പിടിച്ചുയർത്തുക | വായനാവാരത്തിന്റെ<br>ഭാഗമായി വീട്ട്<br>ലൈബ്രറിയിലെ പുസ്തക<br>പ്രദർശനം<br>സംഘടിപ്പിക്കുന്നു. | ജൂൺ | രക്ഷിതാക്കൾ<br>വിദ്യാർത്ഥിക<br>ൾ | |

SERVANTS OF INDIA SOCIETY KNOWLEDGE IS POWER, EDUCATION IS LIFE Estd: 1935 DEVADHAR UPS NEDIYIRUPPU

| | | | | |
|---|---|---|---|---|
| | എല്ലാ മാസത്തിലും കുട്ടികൾ ശേഖരിച്ച പുസ്തകങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്നു. കുട്ടി ലൈബ്രറിയനെ തെരെഞ്ഞെടുക്കുന്നു. | ജൂൺ മുതൽ ജനുവരി വരെ | ക്ലാസ് അധ്യാപകൻ വിദ്യാർത്ഥികൾ. | |
| അധ്യാപകരില്ലാത്ത ക്ലാസ് സമയം ഫലപ്രദമായി വിനിയോഗിക്കൽ | വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ. വിവിധ വിഷയങ്ങളുമായ് ബന്ധപ്പെട്ട് വർക്ക് ഷീറ്റുകൾ പ്രിന്റ് എടുത്ത് കുട്ടികൾക്ക് നൽകുന്നു. | ജൂലായ് | അധ്യാപകൻ എസ്.ആർ.ജി. | പി.ടി.എ |
| ഓരോ ക്ലാസിനും അനുയോജ്യമായ വർക്ക് ഷീറ്റുകൾ, പഠന സാമഗ്രികൾ ഫലപ്രദമായി വിനിയോഗിക്കൽ ലൈബ്രറി സജ്ജീവമാക്കി വായന പരിപോഷിപ്പിക്കൽ | ഗുണന പട്ടിക, അക്ഷരച്ചാർട്ടുകൾ എന്നിവ ഡസ്കിൽ ഒട്ടിച്ചു വെയ്ക്കുക. പുസ്തക വായനയും ചർച്ചയും ക്ലാസിൽ സംഘടിപ്പിക്കാൻ അവസരം ലഭിക്കുന്നു. | ആഗസ്ത് | അധ്യാപകൻ എസ്.ആർ.ജി. | |
| ബുദ്ധിപരവും മാനസിക ഏകാഗ്രതയും ലഭിക്കുന്ന കളികൾ നൽകുന്നു. | ചെസ്ബോഡുകൾ, മാന്ത്രിക ചതുരങ്ങൾ റൂബിക് ക്യൂബ്, സുഡാകോ, പദപ്രശ്നങ്ങൾ എന്നിവ ലഭ്യമാക്കുന്നു. | ആഗസ്ത് | അധ്യാപകൻ എസ്.ആർ.ജി. പി.ടി.എ | |

SERVANTS OF INDIA SOCIETY KNOWLEDGE IS POWER, EDUCATION IS LIFE Estd: 1935 DEVADHAR UPS NEDIYIRUPPU

## നേട്ടങ്ങൾ

ശാരീരിക മാനസികാരോഗ്യമുള്ള ഒരു പുതു തലമുറയെ വാർത്തെടുക്കാൻ സാധിക്കുന്നു. ആത്മവിശ്വാസത്തോടെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ സാധിക്കുന്നു. ചിട്ടയായ ജീവിതചര്യ രൂപപ്പെടുത്തുന്നതിലൂടെ കുട്ടികളുടെ അലസതയും, അശ്രദ്ധയും, അച്ചടക്ക രാഹിത്യവും ഇല്ലാതാവുന്നു.

കുട്ടികളിൽ കായിക ക്ഷമതയും ആത്മവിശ്വാസവും വർദ്ധിക്കുന്നു. അപകടങ്ങളിൽ നിന്ന് സ്വയം രക്ഷ നേടാനും മറ്റുള്ളവരെ രക്ഷിക്കാനുമുള്ള കഴിവും മനോഭാവവും വളർത്തിയെടുക്കുന്നു.

ലഹരി വിമുക്തമായ ഒരു പുതു തലമുറയെ വാർത്തെടുക്കുന്നു.

പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾക്ക് റഫറൻസ് സാമഗ്രികൾ ഏറ്റവും വേഗത്തിൽ ലഭിക്കുന്നു. എല്ലാ കുട്ടികളും സ്വതന്ത്ര വായനക്കാരായി മാറുന്നു. രചനാപരമായ കഴിവുകൾ വളർത്താൻ കഴിയുന്നു. പുസ്തക ശേഖരണം ഒരു ശീലമാക്കാൻ സാധിക്കുന്നു.

കർമനിരതമായ ഇടവേളകൾ സാധ്യമാകുന്നു. വിദ്യാലയത്തിൽ ലഭ്യമായ എല്ലാ സാമഗ്രികളും പഠനത്തിന് പ്രയോജനപ്പെടുത്തുന്നു. അധ്യാപകരില്ലാത്ത ക്ലാസ് സമയം ഫലപ്രദമായി വിനിയോഗിക്കുന്നു.

കഴിഞ്ഞ അക്കാദമിക വർഷം കൊ‌ാ‌ട്ടി ഉപജില്ല കലാമേളയിൽ ജനറൽ വിഭാഗത്തിലും അറബിക് വിഭാഗത്തിലും വിദ്യാലയ ം ഓവറോൾ നേടുകയു ായി.

## III. പച്ചപ്പിലേക്കൊരു മടക്കയാത്ര

ആനുകാലിക പരിസ്ഥിതി പ്രശ്നങ്ങൾ ഉൾക്കൊ ് പരിസ്ഥിതി സംരക്ഷണം ജീവിതവ്രതമാക്കുന്ന ഒരു തലമുറയെ വാർത്തെടുക്കുക. പരിസ്ഥിതി പ്രശ്നങ്ങളിൽ സമൂഹത്തോടൊപ്പം ഇടപെടുകയും പരിഹാര ബോധനത്തിന് ശ്രമിക്കുകയും ചെയ്യുക. ജൈവ സംസ്കൃതിയിലൂന്നിയ ഭക്ഷ്യവിഭവങ്ങൾ നമുക്കാവശ്യമായ തോതിൽ ഉത്പാദിപ്പിക്കാൻ കഴിയുന്ന ഒരു കാർഷിക സംസ്കാരം വളർത്തിയെടുക്കുക എന്നീ ലക്ഷ്യങ്ങൾ മുൻ നിർത്തിയാണ് ഈ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്.

| **ലക്ഷ്യം** | **പ്രവർത്തനം** | **സമയം** | **ചുമതല** |
|---|---|---|---|
| 1. ഹരിത കേരളം പദ്ധതിയുടെ സന്ദേശം പഠനപ്രവർത്തനത്തിലൂടെ പ്രാവർത്തികമാക്കുക.<br>2.പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം എന്ന ലക്ഷ്യം പ്രാവർത്തികമാക്കുക<br>3.പരിസ്ഥിതിപ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുക<br>4. പരിസ്ഥിതി സംരക്ഷണത്തിൽ വിദ്യാലയങ്ങൾ സമൂഹത്തിന് മാതൃകയാവുക. | സർവ്വേ<br>സമീപ പ്രദേശങ്ങളിലുള്ള പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് (ജലമലിനീകരണം, അന്തരീക്ഷ മലിനീകരണം, പ്രകൃതി ചൂഷണം) കുട്ടികളുടെ നേതൃത്വത്തിൽ സർവ്വേ നടത്തുന്നു.<br>സർവ്വേയുടെ അടിസ്ഥാനത്തിൽ ബോധവത്കരണ ക്ലാസ്.<br>പരിഹാര പ്രവർത്തനങ്ങൾ (തുണസഞ്ചി വിതരണം, സ്റ്റീൽ ബോട്ടിലുകൾ)<br>പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് ഉപയോഗപ്രദമായ വസ്തുക്കൾ നിർമ്മിക്കുന്നു.<br>നിലവിലുള്ള വൃക്ഷത്തൈകൾക്ക് സംരക്ഷണം നൽകൽ – കുട്ടികൾക്ക് ചുമതല നൽകൽ.<br>ഔഷധത്തോട്ടം, പൂന്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവ പ്രത്യേക സ്ഥലങ്ങളിൽ | ആഗസ്ത് സപ്തംബർ<br>സപ്തംബർ<br>ഒക്ടോബർ | പരിസ്ഥിതി ക്ലബ് എസ്.ആർ.ജി. പി.ടി.എ<br>പരിസ്ഥിതി ക്ലബ് ഹെൽത്ത് ക്ലബ് എസ്.ആർ.ജി. പി.ടി.എ<br>വിദ്യാർത്ഥികൾ അധ്യാപകർ |

| | | | |
|---|---|---|---|
| | നിർമ്മിക്കാൻ ചുമതല നൽകുന്നു.<br>മഴക്കുഴി നിർമ്മാണം, പൈപ്പ് കമ്പോസ്റ്റ്, ജൈവവേലി എന്നിവ സജ്ജീകരിക്കുന്നു.<br>രക്ഷിതാക്കളുടേയും സന്നദ്ധ സംഘടനകളുടേയും സഹകരണത്തോടെ നടപ്പിലാക്കുന്നു. | മെയ് ജൂൺ | പി.ടി.എ<br>കൃഷിവകുപ്പ്<br>കാർഷിക ക്ലബ്<br>സന്നദ്ധ സംഘടനകൾ. |

## നേട്ടങ്ങൾ

- പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നു.
- നമുക്കു ചുറ്റുമുള്ള ഔഷധങ്ങളെ കുട്ടികൾക്ക് വേഗത്തിൽ തിരിച്ചറിയുവാൻ സാധിക്കുന്നു.
- കുട്ടികളിൽ നിരീക്ഷണ പാടവം വളർത്താൻ കഴിയുന്നു.
- പൊതുവിദ്യാലയങ്ങളിലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനം സമൂഹത്തെ ബോധ്യപ്പെടുത്തുവാൻ സാധിക്കുന്നു.

SERVANTS OF INDIA SOCIETY KNOWLEDGE IS POWER, EDUCATION IS LIFE Estd: 1935 DEVADHAR UPS NEDIYIRUPPU

# IV. ശാസ്ത്രം കൈപ്പിടിയിൽ

ശാസ്ത്രസാങ്കേതിക രംഗം അതിവേഗം മാറിക്കൊ ിരിക്കുന്ന ഈ കാലഘട്ടത്തിൽ കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തിയെടുക്കുന്നതിനും നൂതനമായ ശാസ്ത്രാശയങ്ങൾ ക ത്തി പ്രവർത്തന പഥത്തിലെത്തിക്കുന്ന കുട്ടി ശാസ്ത്രജ്ഞന്മാരെ രൂപപ്പെടുത്തുന്നതിനും ഉതകുന്ന തരത്തിലാണ് ഈ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിലെ മുഴുവൻ കുട്ടികളെയും പരീക്ഷണങ്ങളിൽ ഏർപ്പെടുത്തുക. | സയൻസ് അധ്യാപികമാരുടെ സഹായത്തോടെ പാഠഭാഗവുമായി ബന്ധപ്പെട്ട് ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടാൻ അവസരം നൽകുന്നു. പരീക്ഷണകുറിപ്പ് തയ്യാറാക്കുന്നു. | ജൂലായ് | സയൻസ് ക്ലബ് സയൻസ് അധ്യാപകർ എസ്.ആർ. ജി. | പി.ടി.എ. |
| ശാസ്ത്രത്തിന്റെ രീതി ബോധ്യമാക്കി കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക. | ശാസ്ത്രാഭിരുചിയുള്ള കുട്ടികളുടെ നേതൃത്വത്തിൽപരീക്ഷണം മുൻകൂട്ടി ആസൂത്രണം ചെയ്ത് പരീക്ഷണത്തിന്റെ പേര് പ്രവർത്തന രീതി തത്വം എന്നിവ ചാർട്ടിലെഴുതി പ്രദർശിപ്പിക്കുന്നു. | ആഗസ്ത് | സയൻസ് ക്ലബ് സയൻസ് അധ്യാപകർ എസ്.ആർ. ജി. | |
| കുട്ടി ശാസ്ത്രജ്ഞന്മാരെ വളർത്തിയെടുക്കുക | എല്ലാമാസവും അവസാനത്തെ പ്രവൃത്തി ദിവസം നടത്തിയ പരീക്ഷണങ്ങളെകുറിച്ച് | | | |

| | | | | |
|---|---|---|---|---|
| ഹൈടെക് ശാസ്ത്ര ലാബ് | അവലോകനം നടത്തുകയും മികവുകളും പ്രശ്നങ്ങളും മനസ്സിലാക്കി പരിഹാരബോധനം നടത്തുന്നു. ശാസ്ത്രോത്സവം നടത്തി ഏറ്റവും അധികം പരീക്ഷണങ്ങൾ മികവോടെ ചെയ്ത കുട്ടികൾക്ക് കുട്ടി ശാസ്ത്രജ്ഞൻ അവാർഡ് നൽകുന്നു. ഒഴിവു വേളകളിൽ ശാസ്ത്രലാബിൽ വെച്ച് സ്വന്തമായി പരീക്ഷണം നടത്താൻ അവസരം നൽകുന്നു. | | | |
| ശാസ്ത്രജ്ഞനുമായി അഭിമുഖം | ശാസ്ത്രജ്ഞനുമായി അഭിമുഖം നടത്തുന്നു. ശാസ്ത്രജ്ഞനാകാനുള്ള ത്വര കുട്ടികളിൽ വളർത്തിയെടുക്കാൻ ഇവ സഹായിക്കുന്നു. | | | |

## നേട്ടങ്ങൾ

കുട്ടി ശാസ്ത്രജ്ഞന്മാരെ സൃഷ്ടിക്കുന്നതിനും കുട്ടികളിൽ ശാസ്ത്രബോധം പോഷിപ്പിക്കുന്നതിനും സ്കൂളിലും വീട്ടിലും പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും കുട്ടികൾക്ക് സാധിക്കുന്നു.

സമൂഹത്തിലെ അന്ധ വിശ്വാസങ്ങൾക്കെതിരെ പ്രവർത്തിക്കുവാൻ സാധിക്കുന്നു. ശാസ്ത്ര സത്യങ്ങളോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കാൻ സാധിക്കുന്നു.

# <u>പ്രവർത്തനങ്ങൾ</u>

**പ്രവർത്തനം 1**

പ്രവർത്തനത്തിന്റെ പേര് : **ഇംഗ്ലീഷ് അസംബ്ലി**

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും, എഴുതാനും, സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ ര ുദിവസം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ ചുമതല ഓരോ ക്ലാസിനും നൽകുന്നു. | ആഴ്ചയിൽ ര ു ദിവസം | ക്ലാസ് ടീച്ചർ ഇംഗ്ലീഷ് ടീച്ചർ | പി.ടി.എ |

**പ്രവർത്തനം 2**

പേര് : **ഇംഗ്ലീഷ് ഫെസ്റ്റ്**

ഉപമേഖല : ഇംഗ്ലീഷ് പഠനം

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| വ്യാകരണശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | മദ്ധ്യവേനൽ അവധിക്കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ അവതരിപ്പിക്കൽ | 5 ദിവസം അവധിക്കാലം | ക്ലാസ് ടീച്ചർ ഇംഗ്ലീഷ് ടീച്ചർ | പി.ടി.എ |

SERVANTS OF INDIA SOCIETY
POWER, EDUCATION IS LIFE KNOWLEDGE IS
Estd: 1935
DEVADHAR UPS NEDUVA

**പ്രവർത്തനം 3**

പേര് : **രാഷ്ട്രഭാഷ ശ്രേഷ്ഠഭാഷ**

മേഖല /ഉപമേഖല : അക്കാദമികം / ഹിന്ദി.

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | പതിപ്പുകൾ നാടകീകരണം | 3 മാസത്തിൽ വർഷത്തിൽ ഒന്നു വീതം. | ഹിന്ദി ടീച്ചർ എസ്.ആർ.ജി | എസ്.ആർ.ജി. പി.ടി.എ |

**പ്രവർത്തനം 4**

പേര് : **ഗണിതലാബ് സജ്ജീകരിക്കൽ**

മേഖല /ഉപമേഖല : അക്കാദമികം / ഗണിതം

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ലാബിൽ വെച്ച് ഗണിത ക്ലാസ്സ് നടത്തൽ | ഒരു വർഷം | എസ്.ആർ.ജി ഗണിത അധ്യാപിക ഗണിത ക്ലബ് | പി.ടി.എ |

**പ്രവർത്തനം 5**

പേര് : **ദിനാചരണങ്ങൾ**

മേഖല : സമഗ്ര വികസനം

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേ പ്രവർത്തനങ്ങൾ | ഒരു വർഷം | എസ്.ആർ.ജി | പി.ടി.എ |

SERVANTS OF INDIA SOCIETY
DEVADHAR UPS NEDIYIRUPPU
KNOWLEDGE IS POWER, EDUCATION IS LIFE
Estd: 1935

**പ്രവർത്തനം 6**

പേര് : **പദപ്രശ്നനിർമ്മാണം.**

മേഖല/ ഉപമേഖന : അക്കാദമികം/ഭാഷാപഠനം. ഉറുദു,അറബി

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാ പഠനം. | പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം ക െ ത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഭാഷാക്ലബ് | പി.ടി.എ |

**പ്രവർത്തനം 6**

പേര് : **ശാസ്ത്രലാബ് നവീകരിക്കൽ.**

മേഖല/ ഉപമേഖല : അക്കാദമികം/ ശാസ്ത്രം.

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| ശാസ്ത്രലാബിനെ സജ്ജീകരിക്കാൻ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്,കെമിസ്ട്രി,ബയോളജി എന്നിങ്ങനെ ഇനം തിരിച്ച് ക്രമീകരിക്കൽ | ജൂലൈ | അധ്യാപകർ | |

**പ്രവർത്തനം 7**

പേര് : **ശാസ്ത്രപോഷണപരിപാടി.**

മേഖല/ ഉപമേഖല : അക്കാദമികം/ ശാസ്ത്രം.

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം വളർത്തൽ | ശാസ്ത്രത്തിന്റെ രീതി, ജനപക്ഷശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനൻമയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസുകൾ | സെപ്റ്റംബർ | സയൻസ് ക്ലാസ് | പി.ടി.എ |

**പ്രവർത്തനം 8**

പ്രവർത്തനത്തിന്റെ പേര്: **ശാസ്ത്രയാത്രകൾ.**

മേഖല/ ഉപമേഖല : അക്കാദമികം/ ശാസ്ത്രം.

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പ്രദർശനങ്ങൾ സംഘടിപ്പിക്കൽ സയൻസ് പാർക്ക് സന്ദർശനം,മെഡിക്കൽ പ്രദർശനം, സന്ദർശനം തുടങ്ങിയവ | ജനുവരി വർഷത്തിൽ 1 പ്രാവശ്യം | സയൻസ് ക്ലബ് | (പി.ടി.എ) |

**പ്രവർത്തനം 9**

പേര് : **മേളകൾ.**

മേഖല/ ഉപമേഖല : അക്കാദമികം/ ശാസ്ത്രം.

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| ശാസ്ത്രംപ്രവർത്തനമാണ് എന്ന് മനസിലാക്കുക | സ്കൂൾ തല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ 1 പ്രാവശ്യം | അധ്യാപകർ | പി.ടി.എ |

**പ്രവർത്തനം 10**

പേര് : **ഡിബേറ്റ് ക്ലബ്.**

മേഖല/ ഉപമേഖല : അക്കാദമികം/ സാമൂഹ്യശാസ്ത്രം.

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| --- | --- | --- | --- | --- |
| ആനുകാലിക വിഷയങ്ങളെ ക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കൽ | സമകാലിക പ്രസക്തിയുള്ള സാമൂഹികശാസ്ത്രവിഷയ ങ്ങളെക്കുറിച്ച് സംവാദം,സെമിനാർ,ഡിബേ റ്റ്, പാനൽ ചർച്ച, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | ജൂലായ് മുതൽ ഫെബ്രു വരി | എസ്. ആർ.ജി | (എസ്ഡിസി) |

**പ്രവർത്തനം 11**

പേര് : **ബുള്ളറ്റിൻ ബോർഡ്**

മേഖല/ ഉപമേഖല : അക്കാദമികം/ സാമൂഹികശാസ്ത്രം.

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാല ം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| --- | --- | --- | --- | --- |
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻബോർഡ്സ്ഥാപിക്കുകയും എല്ലാദിവസത്തെയുംപ്രധാനവാർത്ത കൾ പ്രദർശിപ്പിക്കുകയും ചെയ്യൽ. | ജൂൺ | സാമൂഹ്യ ശാസ്ത്ര ക്ലബ് | പി.ടി.എ |

**പ്രവർത്തനം 12**

പേര് : **മോക്ക് പാർലമെന്റ്**

മേഖല/ ഉപമേഖല : അക്കാദമികം/ സാമൂഹികശാസ്ത്രം.

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| --- | --- | --- | --- | --- |
| ജനാധിപത്യ മൂല്യങ്ങൾ | പ്രകടനപത്രിക, പ്രചാരണം,മീറ്റ് ദി കാന്റിഡേറ്റ്, ബാലറ്റ് | ജൂലാ യ് മുതൽ | എസ്,ആ ർ,ജി സ്കൂൾ | പി.ടി.എ |

| | | | | |
|---|---|---|---|---|
| വളർത്തിയെടുക്കൽ | പേപ്പർ വെച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ. ഇതിന്റെ നേതൃത്വത്തിൽഇടവേളകളിൽമോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ. | ജനുവരി | പാർലമെന്റ് | |

**പ്രവർത്തനം 13**

പേര് : **പഠനയാത്രകൾ**

മേഖല/ ഉപമേഖല : അക്കാദമികം/ സാമൂഹ്യശാസ്ത്രം.

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ,സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | നവംബർ മുതൽ ജനുവരി | എസ്,ആർ,ജി | (സ്പോൺസർഷിപ്പ്) |

**പ്രവർത്തനം 14**

പേര് : **അഭിമുഖങ്ങൾ,സെമിനാറുകൾ**

മേഖല/ ഉപമേഖല :സർഗശേഷി വികസനം.

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| സർഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരൻമാരുമായി അഭിമുഖംനടത്തൽ,സാഹിത്യ നായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്, ആർ,ജി | പി.ടി.എ |

**പ്രവർത്തനം 15**

പേര് : **ലൈബ്രറി ശാക്തീകരണം.**

മേഖല/ ഉപമേഖല : ഭാഷാശേഷികളുടെ വികസനം.

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ലൈബ്രറിയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ കണ്ടെത്തൽ.പുസ്തകങ്ങൾ വർഗീകരിച്ച് ക്രമീകരിക്കൽ,കാറ്റലോഗ് വിതരണരജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ 2പ്രാവശ്യം | എച്ച്. എം, പി.ടി. എ. | പി.ടി.എ |

**പ്രവർത്തനം 16**

പേര് : **പച്ചക്കറിത്തോട്ടം**

മേഖല: അക്കാദമികം

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| കാർഷിക സംസ്കൃതിയ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത്ആകർഷകമായവിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്,ആർ,ജി | പി.ടി.എ |

**പ്രവർത്തനം 17**

പേര് : **ചിത്രരചനാക്കളരി**

മേഖല/ ഉപമേഖല : അക്കാദമികം/ കലാ വിദ്യാഭ്യാസം.

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ചിത്രരചനയിൽ പ്രവീണ്യം നേടൽ. | അവധിക്കാലത്ത് 5ദിവസംനീ ുനിൽക്കുന്ന ചിത്രരചനാപരിശീലനം. | ക്രിസ്തുമസ് അവധിക്കാലം 5ദിവസം. | എസ്,ആർ,ജി | പി.ടി.എ |

**പ്രവർത്തനം 18**

പേര് : **ജൈവ വൈവിധ്യപാർക്ക്.**

മേഖല : അക്കാദമികം

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| പ്രകൃതിയെഅടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ. | ഒരു പ്രാവശ്യം | എസ്.ആർ.ജി | എസ്. എസ്.എ പി.ടി എ |

**പ്രവർത്തനം 19**

പേര് : **ക്ലാസ് പി.ടി.എ സജീവമാക്കൽ**

മേഖല : അക്കാദമികം

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്പി.ടി.എ കൃത്യമായ അജ വച്ച് പ്രതിമാസം ചേരൽ,പഠനപുരോഗതി പരിശോധിക്കൽ,മികവുകളുടെ അവതരണം,പൊതു ചർച്ചഎന്നിവ ഉ ാകണം. | പ്രതിമാസ പരിപാടി. | ക്ലാസ് ടീച്ചർ | പി.ടി എ എസ്,ആർ,ജി |

**പ്രവർത്തനം 20**

പേര് : **പോഷകാഹാരപരിപാടി.**

മേഖല : അക്കാദമികം.

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വെച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ. | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ടീച്ചർ എച്ച്.എം. പി.ടി എ | പി.ടി എ വിദ്യാഭ്യാസ വകുപ്പ് |

**പ്രവർത്തനം 21**

പേര് : **അങ്കണവാടി കലോൽത്സവം**

മേഖല : സാമൂഹികം

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസരത്തുള്ള അങ്കണവാടിയിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊ ് കലോൽസവം സംഘടിപ്പിക്കൽ, വിരുന്നു നൽകൽ. | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി എ | പി.ടി .എ. എസ് ആർ.ജി |

**പ്രവർത്തനം 22**

പേര് : **പ്രാദേശിക പി.ടി.എ. യോഗങ്ങൾ**

മേഖല : സാമൂഹികം

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് പി.ടി.യയോഗങ്ങൾ ചേരൽ. | വർഷത്തിൽ ഒരു പ്രാവശ്യം | എസ് ആർ.ജി | എസ് ആർ.ജി പി.ടി .എ. |

SERVANTS OF INDIA SOCIETY KNOWLEDGE IS POWER, EDUCATION IS LIFE Estd: 1935 DEVADHAR UPS NEDIYIRUPPU

# പ്രതീക്ഷിത നേട്ടങ്ങൾ

1. പാഠ്യവും പാഠ്യേതരവുമായ പ്രവർത്തനങ്ങളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കാൻ കുട്ടികൾക്ക് സാധിക്കുന്നു.
2. ശുചിത്വം, സാഹോദര്യം, സാമൂഹ്യ പ്രതിബദ്ധത, സഹജീവികളോട് അനുകമ്പ തുടങ്ങിയമൂല്യങ്ങളും മനോഭാവങ്ങളും കുട്ടികളിൽ വളർത്തിയെടുക്കാൻ സാധിക്കുന്നു.
3. പരിസ്ഥിതി സംരക്ഷണത്തിന് ആവശ്യമായ അവബോധം സൃഷ്ടിക്കുന്നു.
4. കുട്ടികളുടെ അക്കാദമിക നിലവാരവും അതുവഴി സ്കൂളിന്റെ നിലവാരവും പൊതു സമൂഹത്തെ ബോധ്യപ്പെടുത്താൻ സാധിക്കുന്നു.
5. അധ്യാപക രക്ഷാകർത്തൃ ബന്ധം ഈടുറ്റതാക്കുന്നതിനും രക്ഷിതാവ് കുട്ടിയുടെ വിദ്യാഭ്യാസത്തിന്റെ ഒരു ഭാഗമാണെന്ന തിരിച്ചറിവ് ബോധ്യപ്പെടുത്തുന്നതിനു വേ ി കൂട്ടായ പ്രവർത്തനത്തിലൂടെ കുട്ടികൾക്ക് തങ്ങളുടെ മികവുകൾ മെച്ചപ്പെടുത്തുന്നതിന് അവസരം ലഭിക്കുന്നു.
6. പൊതുവിദ്യാലയങ്ങളുടെ ജനസമ്മതി വർദ്ധിക്കുന്നു.

SERVANTS OF INDIA SOCIETY
KNOWLEDGE IS POWER EDUCATION IS LIFE
Estd: 1935
DEVADHAR UPS NEDIYIRUPPU

# ഉപസംഹാരം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിദ്യാഭ്യാസ മേഖലകളിൽ നവചൈതന്യം സൃഷ്ടിച്ചിരിക്കുന്നു. വിദ്യാഭ്യാസ നിലവാരമുയർത്താനുള്ള ആസൂത്രിതമായ അക്കാദമിക പ്രവർത്തനങ്ങൾ ഏറ്റെടുത്തു കൊ ു മാത്രമേ അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനാകൂ. ഇതിനുവേ ിയാണ് ഓരോ വിദ്യാലയവും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. അന്വേഷണാത്മക പഠനരീതിയിൽ പാഠപുസ്തകങ്ങൾക്കപ്പുറം ഗവേഷണ വിദ്യാലയം എന്ന ലക്ഷ്യം മുൻ നിർത്തി വിദ്യാലയം നേരിടുന്ന അക്കാദമിക പ്രശ്നങ്ങളെ,തടസ്സങ്ങളെ ഗവേഷണാത്മകമായി ഇടപെടുന്ന ഒരു വിദ്യാലയമായി മാറ്റേ ിയിരിക്കുന്നു. അതിനായി അധ്യാപകരും , വിദ്യാർത്ഥികളും, രക്ഷിതാക്കളും, പൊതു സമൂഹവും ഒരു ചരടിൽ കോർത്ത മുത്തുമണികളെപ്പോലെ ഒരേ മനസ്സോടെ പ്രവർത്തിച്ചാൽ മുകളിൽ പറഞ്ഞലക്ഷ്യങ്ങൾ അനായാസം സാക്ഷാത്കരിക്കപ്പെടുമെന്ന് ഉറപ്പിക്കാം.

**തയ്യാറാക്കിയത്**: കെ വി ഫാരിസ് മാസ്റ്റർ, ജാസ്മിൻ ടീച്ചർ, ഫർസ ടീച്ചർ.

**നന്ദി**